**"എല്ലാവർക്കും ന്യായവും നീതിയുക്തവുമായ ഭാവി" എന്ന G20 സെഷനെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു (നവംബർ 23, 2025)**

നവംബർ 23, 2025

"എല്ലാവർക്കും ന്യായവും നീതിയുക്തവുമായ ഭാവി - നിർണായക ധാതുക്കൾ; മികച്ച പ്രവർത്തനം; നിർമ്മിതബുദ്ധി" എന്ന G20 ഉച്ചകോടിയുടെ മൂന്നാം സെഷനെ പ്രധാനമന്ത്രി ഇന്ന് അഭിസംബോധന ചെയ്തു. നിർണായക സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ അടിസ്ഥാനപരമായ മാറ്റത്തിന് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. അത്തരം സാങ്കേതികവിദ്യാ പ്രയോഗങ്ങൾ 'ധനകാര്യ കേന്ദ്രീകൃത'ത്തിനു പകരം 'മനുഷ്യ കേന്ദ്രീകൃത'മാകണമെന്നും, 'ദേശീയ'ത്തിനു പകരം 'ആഗോള'മാകണമെന്നും, 'എക്സ്ക്ലൂസീവ് മോഡലുകൾ'ക്കു പകരം 'ഓപ്പൺ സോഴ്സ്' അടിസ്ഥാനമാക്കിയുള്ളതായിരിക്കണം എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ കാഴ്ചപ്പാടിനെ ഇന്ത്യയുടെ സാങ്കേതികവിദ്യാ സംവിധാനവുമായി സംയോജിപ്പിച്ചിട്ടുണ്ടെന്നും ബഹിരാകാശ ആപ്ലിക്കേഷനുകൾ, AI അല്ലെങ്കിൽ ലോകത്തിൽ മുൻപന്തിയിലുള്ള ഡിജിറ്റൽ പേമെന്റുകൾ എന്നിവയിൽ ഇത് കാര്യമായ നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ടെന്നും അദ്ദേഹം വിശദീകരിച്ചു.

2. നിർമ്മിതബുദ്ധിയെക്കുറിച്ച് പരാമർശിച്ച പ്രധാനമന്ത്രി, തുല്യമായ ലഭ്യത, ജനസംഖ്യാ തലത്തിലുള്ള നൈപുണ്യ വികസനം, ഉത്തരവാദിത്തമുള്ള വിന്യാസം എന്നിവയെ അടിസ്ഥാനമാക്കി ഇന്ത്യയുടെ സമീപനം വിശദീകരിച്ചു. രാജ്യത്തെ എല്ലാവർക്കും AI ആനുകൂല്യങ്ങൾ എത്തുന്നുവെന്ന് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യ-AI ദൗത്യത്തിന് കീഴിൽ, ലഭ്യമാക്കാവുന്ന ഉയർന്ന പ്രകടനശേഷിയുള്ള കമ്പ്യൂട്ടിംഗ് ശേഷി സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. AI യെ ആഗോള നന്മയ്ക്ക് ഉതകുന്ന രീതിയിലേക്ക് മാറ്റണമെന്ന് അടിവരയിട്ട പ്രധാനമന്ത്രി, സുതാര്യവും മനുഷ്യനാൽ നിയന്ത്രിതമായതും സുരക്ഷാ മുൻകരുതലുകൾ പാലിക്കുന്നതും ദുരുപയോഗം തടയുന്നതുമായ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള ആഗോള ഉടമ്പടിക്ക് ആഹ്വാനം ചെയ്തു. AI മനുഷ്യന്റെ കഴിവുകളെ വികസിപ്പിക്കുമെങ്കിലും, അന്തിമ തീരുമാനം മനുഷ്യർ തന്നെ എടുക്കണമെന്ന് അദ്ദേഹം എടുത്തു പറഞ്ഞു. 'സർവജനം ഹിതായ,

സർവജനം സുഖായ' എന്ന പ്രമേയത്തിൽ 2026 ഫെബ്രുവരിയിൽ ഇന്ത്യ 'AI ഇംപാക്റ്റ് ഉച്ചകോടിക്ക്' ആതിഥേയത്വം വഹിക്കുമെന്ന് പ്രധാനമന്ത്രി അറിയിച്ചു, ഈ ഉദ്യമത്തിൽ പങ്കുചേരാൻ എല്ലാ G20 രാജ്യങ്ങളെയും അദ്ദേഹം ക്ഷണിച്ചു.

3. ഈ AI യുഗത്തിൽ, 'ഇന്നത്തെ ജോലികൾ' എന്നതിൽ നിന്ന് 'നാളത്തെ കഴിവുകൾ' എന്നതിലേക്ക് നമ്മുടെ സമീപനം അതിവേഗം മാറ്റേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി എടുത്തുപറഞ്ഞു. ന്യൂഡൽഹി G20 ഉച്ചകോടിയിൽ പ്രതിഭകളുടെ മൊബിലിറ്റിയിൽ കൈവരിച്ച പുരോഗതി സ്മരിച്ചുകൊണ്ട്, വരും വർഷങ്ങളിൽ പ്രതിഭകളുടെ മൊബിലിറ്റിക്കായി ഒരു ആഗോള ചട്ടക്കൂട് വികസിപ്പിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

4. സുസ്ഥിര വികസനം, വിശ്വസനീയമായ വ്യാപാരം, നീതിയുക്തമായ ധനകാര്യം, എല്ലാവരും അഭിവൃദ്ധി പ്രാപിക്കുന്ന പുരോഗതി എന്നിവയിൽ അധിഷ്ഠിതമായ ആഗോള ക്ഷേമത്തിനായുള്ള ഇന്ത്യയുടെ സന്ദേശവും പ്രതിബദ്ധതയും വ്യക്തമാക്കിക്കൊണ്ടാണ് പ്രധാനമന്ത്രി പ്രസംഗം ഉപസംഹരിച്ചത്. പ്രധാനമന്ത്രിയുടെ പ്രസംഗം പൂർണ്ണമായും ഇവിടെ കാണാം [here].

**ജോഹന്നാസ്ബർഗ്**

**നവംബർ 23, 2025**